## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 943 05.03.2018 – ൽ മറുപടിക്ക്**

## പാഞ്ചിക്കാട് കടവ് പാലത്തിന്റെ സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) നെയ്യാറ്റിൻകര താലൂക്കിലെ തിരുപുറം ഗ്രാമപഞ്ചായത്തിലെ പാഞ്ചിക്കാട് കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി 21/02/2017 - ൽ അവാർഡ് പാസ്സാക്കിയെങ്കിലും ബന്ധപ്പെട്ട എല്ലാവർക്കും തുക നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) നെയ്യാറ്റിൻകര താലൂക്കിലെ തിരുപുറം ഗ്രാമപഞ്ചായത്തിലെ പാഞ്ചിക്കാട് കടവ് പാലത്തിനും അനുബന്ധ റോഡിന്റെയും നിർമ്മാണത്തിനായി 8 കൈവശക്കാരിൽ നിന്നും നിർമ്മാണത്തിനായി 15.67 ആർ സ്ഥലം 21.02.2017 - ൽ അവാർഡ് പാസ്സാക്കി പൊതുമരാമത്ത് വകുപ്പിന് റവന്യൂ വകുപ്പ് കൈമാറി നൽകിയിട്ടുണ്ട്.<br><br>എന്നാൽ അപ്രോച്ച് റോഡ് പഴയകട ജംഗ്ഷൻ വരെ വീതി കൂട്ടുന്നതിലേയ്ക്കുള്ള 24.03 ആർ സ്ഥലം ഏറ്റെടുക്കലിന്റെ 1894 - ലെ LA Act പ്രകാരം നടന്നുവന്ന നടപടിക്രമങ്ങൾ 19.04.2017 - ൽ ഡിനോവ ആയതു കാരണം പൂർത്തീകരിക്കാൻ സാധിച്ചില്ല. |
| (ബി) 19/4/2017 - ൽ ജില്ലാ കളക്ടർ വിളിച്ച യോഗത്തിൽ പി.ഡബ്ല്യൂ.ഡി | (ബി) 19.04.2017 - ൽ ജില്ലാ കളക്ടർ വിവിധ ലാന്റ് അക്വിസിഷൻ |

| | | | |
|---|---|---|---|
| | റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ പങ്കെടുക്കാതിരുന്നത് ശ്രദ്ധയിൽ-പെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗ-സ്ഥർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുമോ ; | | വർക്കുകൾ സംബന്ധിച്ച ഒരു അവലോകന യോഗമാണ് നടത്തിയത്. ഇതിൽ പൊതു-മരാമത്ത് വകുപ്പിനെ പ്രതിനിധീ-കരിച്ചുള്ള ഉദ്യോഗസ്ഥനും പങ്കെടുത്തിരുന്നു. |
| (സി) | പി.ഡബ്ല്യു.ഡി റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിലെ ബന്ധപ്പെട്ട ജീവനക്കാരുടെ അനാസ്ഥമൂലം പൊന്നുംവില നടപടികൾ ഡിനോവ (ലാപ്സ്) ആയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ-പെട്ടിട്ടുണ്ടോ; വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ ? | (സി) | പാഞ്ചിക്കാട് കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് പഴയകട വരെ വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്. ടി പൊന്നുംവില നടപടികൾ ഡിനോവ ആയതിനുള്ള കാരണങ്ങൾ താഴെ വിവരിക്കുന്നു.<br>1. ടി സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 18.12.2015 - ൽ നടന്ന ഡി. എൽ. പി. സി യോഗത്തിൽ 'ബി' കാറ്റഗറിയിൽ വരുന്ന ഭൂ ഉടമകൾ വില അംഗീകരിച്ചില്ല.<br>2. ടി അലൈൻമെന്റിൽ ഉൾപ്പെട്ട 9 സർവ്വേ നമ്പരുകൾ മിസ്സിംഗ് ആയിരുന്നു.<br>3. ടി അലൈൻമെന്റിൽ ഉൾപ്പെട്ടു വന്ന 30 - ഓളം ചമയങ്ങളുടെ വാല്യുവേഷൻ തയ്യാറാക്കി നൽകാൻ 02/2017 - ൽ മാത്രമാണ് ലിസ്റ്റ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയത്. ഇതിന്റെ വാല്യു- വേഷൻ തയ്യാറാക്കവേ 19.04.2017 - ൽ പൊന്നുംവില |

നടപടികൾ ഡിനോവ ആയി. പൊതുമരാമത്ത് വകുപ്പ് ഡയറക്ട് പർച്ചേസ് നടത്തുന്നതിനുവേണ്ടി വസ്തു ഉടമകളെ ഡി. എൽ. പി. സി - യിൽ തീരുമാനിച്ച റേറ്റിൽ ഭൂമി വിട്ടുതരുവാൻ സമ്മതമാണോ എന്നറിയാൻ ബഹു. എം. എൽ. എ. ശ്രീ. ആൻസലൻ അവർകളുടെ അദ്ധ്യക്ഷതയിൽ 08.12.2017 - ൽ ഒരു യോഗം വിളിച്ചു ചേർത്തു. എന്നാൽ 18.12.2015 - ൽ കൂടിയ ഡി. എൽ. പി. സി. യോഗത്തിൽ തീരുമാനിച്ച വില തങ്ങൾ അംഗീകരിച്ചിട്ടില്ലെന്നും ടി തുകയ്ക്ക് സ്ഥലം വിട്ടു തരാൻ തയ്യാറല്ലെന്നും വസ്തു ഉടമകൾ അറിയിച്ചു.

ആയതിനാൽ പാലത്തിന്റെ അപ്രോച്ച് റോഡ് പഴയകട വരെ വീതി കൂട്ടുന്നതിന് ആവശ്യമായ സ്ഥലം മിസ്സിംഗ് സർവ്വേ നമ്പരുകൾ ഉൾപ്പെടെ 38 സബ് ഡിവിഷൻ ഉൾപ്പെട്ട വസ്തു പുതിയ എൽ. എ. നിയമ പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അർത്ഥന തയ്യാറാക്കി ജില്ലാ കളക്ടർക്ക് 16.01.2018 - ൽ സമർപ്പിച്ചിട്ടുണ്ട്.

S. Bindu.
**സെക്ഷൻ ഓഫീസർ**